THE ART OF THE ICON

സഖേർ

ഒരു പ്രതീകത്തിന്റെ അർത്ഥം നിയതമായി നിർവ്വഹിക്കുന്നതിന് പരിമിതികളുണ്ട്. എന്നാൽ അദൃശ്യമായ ഒരു യാഥാർത്ഥ്യത്തെക്കുറിക്കുന്ന ദൃശ്യവും ഭൗതീകവുമായ ഒന്നാണ് പ്രതീകമെന്ന് പറയാം. symbol എന്ന ആംഗലേയപദം symballien എന്ന യവനപദത്തിൽനിന്നാണ് നിഷ്പദിച്ചിരിക്കുന്നത്.'ഒരുമിപ്പിക്കുന്നത് '(throw together) എന്നർത്ഥം അതിനുണ്ട്. ചിതറപ്പെട്ടതിനെ കൂട്ടിച്ചേർക്കുന്നതാണത്രേ! ഛിന്നവിചാരങ്ങളെ ഏകാഗ്രമാക്കുന്നത്, ബോധമുണർത്തുന്ന ഔന്നത്യം എന്നും പറയാറുണ്ട്. പ്രതീകങ്ങൾ ഒരു നാണയംപോലെയെന്ന് പറയുന്നവരുണ്ട്. നാണയത്തിന് രണ്ട് മുഖങ്ങളുണ്ട്. അകവും പുറവും. പ്രകടമായി കാണാവുന്നതും മറഞ്ഞിരിക്കുന്നതും. പ്രതീകങ്ങൾക്കും പ്രത്യക്ഷമായി കാണാവുന്ന ഒരു തലമുണ്ട്, ഒപ്പം നിഗൂഢമായ മറ്റൊന്നും. അതുപോലെ ഒരു നാണയത്തിന് ഒരു പ്രത്യേക വ്യവസ്ഥിതിയിൽ മാത്രമായിരിക്കും മൂല്യമുണ്ടാവുക. അതിന് വെളിയിൽ വിനിമയ സാധ്യതയുമുണ്ടാവില്ല. ഓരോ പ്രതീകങ്ങളുടെയും ഭാഷ അതതിന്റെ ആവാസവ്യവസ്ഥയിലേയ്ക്ക് ഉപനയനം ചെയ്യപ്പെടാത്തവർക്ക് സുഗ്രാഹ്യമാവാൻ സാധ്യതയില്ല. ചിലപ്പോൾ അർത്ഥശൂന്യമായും തോന്നിയേക്കാം. സദാബോധ്യത്തിൽ ഒരു പ്രതീകം ദൈവീകരഹസ്യങ്ങളുടെ കാണപ്പെടുന്ന രൂപമെന്ന് വിളിക്കപ്പെടും. അത് ഒരു വസ്തുവോ കർമ്മമോ ആകാം. ചുരുക്കത്തിൽ പങ്കാളിത്തപരമായ സഹവർത്തിത്വത്തിലൂടെ മാത്രമേ ഒരു പ്രതീകം സമ്മാനിക്കുന്ന കാഴ്ചകളിലേക്ക് നമുക്ക് സഞ്ചരിക്കാനാവൂ. പൗരസ്ത്യ ഓർത്തഡോക്സ് ആരാധനാ പാരമ്പര്യങ്ങളിൽ സജീവമായി നിലകൊള്ളുന്ന ഐക്കൺ ചിത്രങ്ങളുടെ സാംഗത്യവും പ്രസക്തിയുമാണ് ഈ കുറിപ്പ് അന്വേഷിക്കുന്നത്.

സത്യാന്വേഷിയായ ഒരാൾക്ക് ദൈവത്തെക്കുറിച്ച് അറിവ് ലഭിക്കുന്നതിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് വിശുദ്ധലിഖിതങ്ങൾ. ദൈവത്തെക്കുറിച്ചുള്ള അറിവ് മനുഷ്യൻ രേഖപ്പെടുത്തിയിട്ടുള്ളത് തിരുവെഴുത്തുകളിലും ചിഹ്നങ്ങളിലും പ്രതീകങ്ങളിലുമാണ്. അതായത്, ദൈവത്തെക്കുറിച്ചുള്ള അറിവ് പകർന്നുതരുന്ന തിരുവെഴുത്തുകൾപോലെ ദൈവത്തെക്കുറിച്ച് അറിവു നൽകുന്ന ചിത്രങ്ങളാണ് ഐക്കണുകൾ. അപരിമേയനായ ദൈവത്തെ വെളിപ്പെടുത്തുവാനുള്ള പരിമിതനായ മനുഷ്യന്റെ പലതരം പ്രയത്നങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരു കലാദർശനമാണ് ഇത്. ദൈവത്തെക്കുറിച്ച് സംവദിക്കുന്ന തിരുവെഴുത്തുകളെപ്പോലെ ആദരണീയമായ സ്ഥാനമാണ് ഐക്കണുകൾക്ക് പൗരസ്ത്യ സഭാപിതാക്കന്മാർ നൽകുന്നത്. കർത്താവിന്റെ മനുഷ്യാവതാരത്തിലെ സംഭവങ്ങളാണ് ഐക്കണുകളുടെ ചിത്രീകരണത്തിലെ പ്രധാന പരാമർശവിഷയം. മനുഷ്യാവതാര സംഭവങ്ങളെ അനുസ്മരിപ്പിക്കുന്ന പെരുന്നാളുകൾ ആചരിക്കുന്നതുപോലെ (യൽദോ, ദനഹാ....) വിശുദ്ധമായ ആ സ്മൃതികളെ ചിത്രരൂപത്തിലാക്കി ദേവാലയത്തെ അലങ്കരിക്കുന്ന പതിവും പൗരസ്ത്യ ആരാധനയുടേയും കലാദർശനത്തിന്റെയും ഭാഗമാണ്.

പ്രതീകങ്ങളുടെ ഓർത്തഡോക്സ് സഭാപശ്ചാത്തലം

'ചർച്ച്' എന്ന ആംഗലേയപദത്തിന് 'കൂട്ടി വരുത്തുന്നത്' പുനരാക്കുന്നത് എന്നൊക്കെ അർത്ഥം നൽകുന്നുണ്ട്. 'എക്ലീസിയ' എന്ന യവനപദത്തിന് വിളിച്ചുചേർത്തത് എന്നർത്ഥം കാണുന്നുണ്ട്. അപ്പോസ്തോല സമൂഹം വിളിച്ച് ചേർക്കപ്പെട്ട പുതിയ ഇസ്രായേലാകുന്ന സഭയാണ്. ക്രിസ്തുവിന്റെ ശരീരമെന്ന് സഭ ഘോഷിക്കപ്പെടുന്നു (എഫേ. 1:23, കൊല. 1:18) ഇത്തരത്തിൽ നിരവധി പ്രതീകാത്മക വിചാരങ്ങളുണ്ട് സഭയെപ്രതി. ബാഹ്യപ്രളയത്തിൽനിന്ന് രക്ഷ സമ്മാനിക്കുന്നതിനുള്ള സങ്കേതം എന്നർത്ഥത്തിൽ നോഹയുടെ പെട്ടകത്തോട് സഭയെ ഉപമിക്കുന്നതുപോലെ എത്രയെത്ര ദൃഷ്ടാന്തങ്ങൾ! വി. വേദപുസ്തകത്തിലും ആദിമ സഭാപാരമ്പര്യത്തിലും ഈ ശൈലി തുടർന്ന് പോരുന്നുണ്ട്. പീഢകളുടെ കാലത്ത് ക്രിസ്ത്യാനികൾ തമ്മിൽ തിരിച്ചറിഞ്ഞിരുന്നത് ഒരു മത്സ്യത്തിന്റെ രൂപം വരച്ചുകാട്ടിയാണ്. ഗ്രീക്കിൽ മത്സ്യത്തിനുള്ള പദം 'ഇക്ത്തൂസ് ' (Ichtus) എന്നാണ്. യേശുക്രിസ്തു, ദൈവപുത്രൻ, രക്ഷകൻ (Jesus Christ, son of God, Saviour) എന്നർത്ഥമുള്ള യവനപദങ്ങളുടെ ലോപിതരൂപമാണ് 'ഇക്തൂസ്.' സഭയുടെ അടിസ്ഥാന വിശ്വാസമാണ് ഈ ചിത്രത്തിലൂടെ സംവേദിക്കപ്പെട്ടിരുന്നത്. ആദ്യ നൂറ്റാണ്ടുകളിലെ കാറ്റകോംബുകളിൽ (ഭൂമിക്കടിയിലുള്ള പുരാതന ദേവാലയങ്ങൾ) നിരവധി ചിത്രങ്ങൾ ആലേഖനം ചെയ്യപ്പെട്ടിരുന്നു. അലക്സാന്ത്രിയിലെ വി. ക്ലമന്റിന്റെ ലേഖനത്തിൽ പൊതുവായി കാണുന്ന ചില ക്രിസ്തീയ പ്രതീകങ്ങളെ പരാമർശിക്കുന്നുണ്ട്. പ്രാവ് (പരിശുദ്ധാത്മാവിന്റെ പ്രതീകം), മത്സ്യം (ഇക്തൂസ്), കുരുത്തോലകൾ (പാപത്തിന്മേലുള്ള വിജയം) (വെളിപ്പാട് 7:9) നങ്കൂരം (പ്രത്യാശ), പെട്ടകം (മാമോദീസ, സഭ) (1 പത്രോസ് 3:19 –21), കടൽതീരത്തെ മുക്കുവർ, കുഞ്ഞാട് ഇങ്ങനെ ചിലതിനെ സൂചിപ്പിക്കുന്നു. എന്നാൽ യവനദൈവങ്ങളും വാളുകളും അമ്പുകളുമൊക്കെ ഉപയോഗിച്ചിരുന്നതിനെ അദ്ദേഹം വിമർശിക്കുന്നുമുണ്ട്.

എന്നാൽ നാലാം നൂറ്റാണ്ടോടെ കുസ്തന്തീനോസിന്റെ കാലത്ത് ക്രിസ്തുമതം രാജ്യത്തിന്റെ ഔദ്യോ

ഗിക മതമായതോടെ പ്രൗഢിയും ഗാംഭീര്യവുമുള്ള വലിയ ദേവാലയങ്ങൾ പണി കഴിപ്പിക്കപ്പെട്ടു. വലിയ അലങ്കാരങ്ങളാൽ ദേവാലയങ്ങൾ നിറഞ്ഞു. ദേവാലയങ്ങളിൽ വ്യക്തമായ ഉൾക്കാഴ്ചയോടെ പ്രതീകങ്ങൾ ഉപയോഗിച്ചു തുടങ്ങി. പ്രതീകങ്ങളുടെ ആന്തരികാർത്ഥം സഭാപാരമ്പര്യത്തിൽ ഇപ്രകാരം വിശദീകരിക്കപ്പെടുന്നു. ക്രിസ്തീയജീവിതം രണ്ട് അടിസ്ഥാനയാഥാർത്ഥ്യങ്ങളിൽ അധിഷ്ഠിതമാണ്. ഒന്ന്, ക്രിസ്തുവിന്റെ രക്ഷാകരബലിയും അതിലെ പങ്കാളിത്തത്തിലൂടെയുള്ള വിമോചനവും. രണ്ടാമത് ഇതിന്റെ പരിണിതഫലമായി മനുഷ്യന്റെ ശുദ്ധീകരണവും അവനിലൂടെ സകല ലോകത്തിന്റെയും വിമലീകരണവും. ഈ ശുദ്ധീകരണം ദൈവരാജ്യത്തിന്റെ വരവിനെക്കുറിക്കുന്ന സത്യമാണ്, ഭാവിലോകത്തിന്റെ അടയാളമാണ്. വരുവാനുള്ളതിന്റെ പ്രാരംഭം കുറിക്കലാണ്.

ദേവാലയം ശുദ്ധീകരണസ്ഥലമാണ്. ആരാധന ശുദ്ധീകരണമാർഗ്ഗവും. ദേവാലയത്തിന്റെ ഉൾവശം തേജസ്സ്ക്കരിക്കപ്പെട്ട സൃഷ്ടിയുടെ പ്രതീകമാണ്. പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും സൂചനയാണ്. ബൈസന്റയിൻ പാരമ്പര്യത്തിൽ താഴികക്കുടത്തിൽ സകലാധിപതിയായ ക്രിസ്തുവിന്റെ ഐക്കൺ നൽകുന്നു. ചുറ്റും ശിഷ്യന്മാരുടേത്. കോണുകളിൽ സുവിശേഷകന്മാരുടേത്. സ്തൂപങ്ങളിൽ രക്തസാക്ഷികളും സന്യാസപിതാക്കന്മാരും. പടിഞ്ഞാറേ ചുവരിൽ അന്തിമന്യായവിധിയുടെ ഐക്കൺ പുതുയുഗത്തിന്റെ നാന്ദിയെക്കുറിക്കുന്നു. സ്വർഗ്ഗീയ ആരാധനയുടെ മുന്നനുഭവമാണ് സഭ സമ്മാനിക്കുന്നത്.

ആദമിന്റെ വീഴ്ചയ്ക്കുശേഷം പഴയനിയമകാലമാണ്. അത് പുതിയനിയമത്തിന്റെ ഒരുക്കകാലമാണ്. പുതുയുഗത്തിന്റെ തയ്യാറെടുപ്പാണ്. പുതിയനിയമകാലത്തെ ആരാധനകളുടെ പ്രതിരൂപമാണ് പഴയനിയമകാല ആരാധനാരീതികൾ. നാം പിതാക്കന്മാരിൽനിന്ന് പ്രാപിച്ചിട്ടുള്ളതും ഇപ്പോൾ അനുവർത്തിക്കുന്നതുമായ വർത്തമാനകാല ആരാധനാരീതികളാകട്ടെ വരുവാനുള്ള ലോകത്തെ സംഗതികളുടെ പ്രതിരൂപമാണ്. അതിനാൽ ഒരു ദേവാലയം വരുവാനിരിക്കുന്ന ശാശ്വത സമാധാനത്തിന്റെ പ്രതിരൂപമാണ്. സൃഷ്ടാവിന്റെ സമീപം സകല സൃഷ്ടികളും വന്നുചേരുന്ന പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും പ്രതീകം. ഇവിടെ ഉപയോഗിക്കപ്പെടുന്ന കീർത്തനങ്ങളും ചിത്രങ്ങളും തേജസ്ക്കരിക്കപ്പെട്ട പ്രാപഞ്ചികാനുഭവങ്ങളുടെ മുൻരൂപങ്ങളാണ്. അതുകൊണ്ടാണ് ഈ ലോകത്തിന്റെ സൗന്ദര്യശാസ്ത്രമല്ല സഭയുടേത് എന്നു പറയുന്നത്. ഐഹികമായ ദൃശ്യങ്ങളുടെ ഛായപടങ്ങളല്ല; വരുവാനുള്ള യുഗത്തിന്റെ അടയാളങ്ങളാണ് സഭയിൽ പ്രതിഫലിക്കേണ്ടത്. ജനപ്രിയ താളങ്ങളും വരകളും ഓർത്തഡോക്സ് ആരാധനാ പാരമ്പര്യം അനുവദിക്കുന്നില്ല. അതിനാലാണ് ഗായകസംഘങ്ങൾ ഗാനമേളകൾ നടത്തരുത് എന്ന് ചില പിതാക്കന്മാർ ശഠിക്കുന്നത്. സന്നിഹിതരാകുന്ന ഓരോ വ്യക്തികൾക്കും തങ്ങളുടേതായ അഭിരുചികൾ ഉണ്ടായിരിക്കും. എന്നാൽ താന്താങ്ങളുടെ താൽപര്യങ്ങളെ മറികടക്കാനും ബലികൊടുക്കാനും സഭയിൽ നാം പരിശീലിക്കണം. വൈയക്തികാനുഭൂതികളെ തൃപ്തിപ്പെടുത്തുകയല്ല സഭയുടെ ദൗത്യം; മറിച്ച് വ്യക്തിയെ ക്രിസ്തുവിന്റെ വിമോചന മാർഗ്ഗത്തിൽ നയിക്കുക എന്നതാണ്.

പൗരസ്ത്യ ക്രൈസ്തവ സൗന്ദര്യശാസ്ത്രം

പലപ്പോഴും നമ്മുടെ വീക്ഷണങ്ങൾ ഒരു കോണിൽ നിന്നുള്ളവയാണ്. അത് ഭാഗികമായിരിക്കും. പൂർണ്ണമായ ഒരു കാഴ്ചപ്പാടാണ് മനുഷ്യനെ തികവുള്ളവനാക്കുന്നത്. മാക്സിമസിന്റെ ഭാഷയിൽ ദൈവത്തിന്റെ കണ്ണുകൊണ്ട് നോക്കാനാവണം. മറ്റു പിതാക്കന്മാരും ഇതിന് വ്യത്യസ്ത വിശേഷണങ്ങൾ നൽകുന്നുണ്ട്. ഉദാഹരണമായി, തേജോനേത്രാ (അപ്രേം), പ്രാവിൻ കണ്ണ് (ഗ്രിഗറി നിസ്സ), ദിവ്യതേജസ്സ് ചൂഴുന്ന ഏകനയനം (വി. മക്കാറിയോസ്) എന്നിങ്ങനെ. എല്ലാം നല്ലത് എന്ന് കാണുന്ന ദൈവത്തിന്റെ കണ്ണാണ് ക്രൈസ്തവ സൗന്ദര്യശാസ്ത്രത്തിന്റെ ഉറവിടം.

കണ്ണുകൾ വസ്തുക്കളെയല്ലല്ലോ, അവയിൽ പ്രതിഫലിക്കുന്ന വെളിച്ചത്തെയാണല്ലോ കാണുന്നത്. വെളിച്ചം വസ്തുവിന് രൂപവും ഭാവവും നൽകുന്നു. വെളിച്ചം കടക്കുന്നതിനനുസരിച്ച് അത് ശോഭയുള്ളതാകുന്നു. മറുവശത്ത് നരകത്തെയാണ് അന്ധകാരസ്ഥലമെന്ന് പറയുക. ഇരുട്ടിൽ പരസ്പരം കാണാനാവില്ല. സ്വയം കാണാനുമാവില്ല. ഇതാണ് നരകം. പുറത്തെ അന്ധകാരത്തിൽ കരച്ചിലും പല്ലുകടിയുമാണുള്ളത്. തിരുവെഴുത്തിന്റെ ഒന്നാം പുസ്തകത്തിലും അവസാനപുസ്തകത്തിലും രാത്രിയില്ല. ഏദൻ തോട്ടത്തിൽ സന്ധ്യയും ഉഷസ്സും മാത്രമാണ് (ഉൽപ്പത്തി 1). സ്വർഗ്ഗീയ യെരുശലേമിൽ ഇനി രാത്രി ഉണ്ടാവുകയില്ല (വെളിപ്പാട് 22:5) എന്നാണ് പറയുക. ഈ ഇരുൾ അസ്തിത്വമില്ലായ്മയെ (Non-existence) സൂചിപ്പിക്കുന്നതാണ്. നാലാം ദിവസം സൂര്യനും ചന്ദ്രനും അടങ്ങുന്ന പ്രാപഞ്ചിക വെളിച്ചങ്ങൾ സൃഷ്ടിക്കുന്നതിന് മുമ്പ് ഒന്നാം ദിവസം ദൈവം വെളിച്ചം ഉണ്ടാകട്ടെ എന്ന് കൽപ്പിച്ചു. ഈ ആദിവെളിച്ചം (Primal light) സാമാന്യനേത്രങ്ങൾക്ക് അഗോചരമാണ്. ആദിവെളിച്ചം ദൈവമുഖപ്രകാശനമാണ്. മുൾപ്പടർപ്പിൽ അവാച്യമായ ദിവ്യതേജസ്സ് ഒളിഞ്ഞിരുന്നതുപോലെ ദൈവികലാവണ്യത്തിന്റെ മഹിമയും ചൈതന്യവും സകലത്തിലും നിഹിതമാണ്. ധ്യാനമാണ് തീ കത്തിക്കുക. ധ്യാനത്തിലൂടെയാണ് കണ്ണുകൾ പ്രകാശിക്കുന്നത്. ധ്യാനം ചൈതന്യമുണർത്തുന്നു. Iconosophy വെളിപ്പെടുത്തുന്നത്, എല്ലാ വസ്തുക്കൾക്കും ലോഗോസ് (Logos) ഉണ്ടെന്നാണ്. അതായത്, ഒരു ആന്തരികലോകമുണ്ട് (Entelechy). ഓരോന്നിന്റെയും സംഘടനയുടെ ചൈതന്യം അതാണ്.

നയനാനന്ദകരമായതിനെയാണ് ലോകം സൗന്ദര്യം എന്നു വിളിക്കുക. തിരുവെഴുത്തിൽ അങ്ങനെയല്ല. ഉള്ളിലുള്ള വെളിച്ചം അണഞ്ഞുപോയാലുള്ള ഇരുളിനെക്കുറിച്ചും, നിങ്ങളുടെ വെളിച്ചം മറ്റുള്ളവ

രുടെ പ്രകാശമായിത്തീരുന്നതിനെക്കുറിച്ചുമാണ് തിരുവചനം ഭാരപ്പെടുന്നത്. വി. പത്രോസിന്റെ വാക്കുകളിൽ, നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല, സൗമ്യതയും സാവധാനതയുമുള്ള മനസ്സ് (1 പത്രോസ് 3:3). ഈ ആന്തരിക സൗന്ദര്യമാണ് ധ്യാനവിഷയം. ഒരു ദാസവേഷം കൊണ്ടാണ് ക്രിസ്തുവിന്റെ ലാവണ്യം മറയ്ക്കപ്പെട്ടിരുന്നത്. അവന് രൂപഗുണം ഇല്ല, കോമളത്വം ഇല്ല; കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവുമില്ല (യെശ. 53:2). പുറമെയുള്ളതിനെ മറന്ന് ഉള്ളിലേക്ക് കാതങ്ങൾ പിന്നിട്ട വിശുദ്ധ വിഡ്ഢികളുടെ (Holy fools) സന്ന്യാസ ചര്യകളെ ഓർമ്മിക്കുക. ഉള്ളടരുകളിലെ നിധി തേടിയുള്ള പ്രയാണങ്ങളാണ് ഇവ ആവശ്യപ്പെടുന്നത്. ഉൾവെളിച്ചത്തിന്റെ ഉത്സവം താബോറിലാണ് നാം കണ്ടുമുട്ടുക. ക്രിസ്തുവിന്റെ രൂപാന്തരം വാസ്തവത്തിൽ ശിഷ്യന്മാരുടെ രൂപാന്തരമായിരുന്നു. ദാസവേഷം പൂണ്ടവനിൽ ഗുപ്തമായിരുന്ന ആന്തരിക തേജസ്സ് ദർശിക്കുവാൻ ശിഷ്യന്മാരുടെ കണ്ണുകൾ തുറക്കപ്പെട്ടു. ഈ തുറവി നിരന്തരമായ ദൈവസംസർഗ്ഗത്തിലൂടെയാണ് സാധ്യമാകുന്നത്. അവന്റെ കൂടെ നടക്കുന്നവർക്കാണ് അനുഭവമാകുന്നത്. ആരാധന ദൈവത്തോടൊപ്പമുള്ള സഞ്ചാരമാണ്. ആരാധനയാണ് നമ്മെ വിമലീകരിക്കുക. എബ്രായർ 5:14 ൽ, ആരാധനയിലുള്ള തഴക്കം ഇന്ദ്രിയങ്ങൾക്ക് സമ്മാനിക്കുന്നത് ദൈവിക പരിജ്ഞാനമാണെന്ന് പറയുന്നു. നന്മയും തിന്മയും തിരിച്ചറിയുന്ന വിവേചനത്തിന്റെ ആത്മാവ്. കൂടെ നടക്കുന്നതിൽനിന്നും തെറ്റിപ്പോയ ആദമിന് നഷ്ടമായ ആത്മീയ പരിപാകതയാണ് ആരാധന/ ദൈവ സംസർഗ്ഗത്തിലൂടെ വീണ്ടെടുക്കുന്നത്.

പൗരസ്ത്യ ആരാധനയും ഐക്കൺ ചിത്രങ്ങളും

ഓർത്തഡോക്സ് ആരാധനാ പാരമ്പര്യത്തിലെ ഐക്കൺ ചിത്രങ്ങളുടെ സാംഗത്യം ഈ പശ്ചാത്തലത്തിൽ വിശദീകരിക്കുന്നത് കരണീയമെന്ന് കരുതുന്നു. പൗരസ്ത്യ ക്രൈസ്തവ സൗന്ദര്യശാസ്ത്രം നൽകുന്ന വേറിട്ട സൗന്ദര്യാന്വേഷണ മാർഗ്ഗത്തോട് അങ്ങേയറ്റത്തെ നീതിപുലർത്തുന്നവയാണ് 'ഐക്കൺ ' ചിത്രങ്ങൾ. വി. ബസേലിയോസിന്റെ വാക്കുകളിൽ, വാക്കുകൾ ശബ്ദങ്ങൾകൊണ്ട് പ്രഘോഷിക്കുന്നത് ചിത്രങ്ങൾ അവയുടെ അവതരണങ്ങൾകൊണ്ട് സാധിക്കുന്നു എന്നാണ്. നിരക്ഷരരുടെ പുസ്തകം എന്ന് സമാസ്കസിലെ വി. യോഹന്നാൻ ഐക്കൺ ചിത്രങ്ങളെ വിശേഷിപ്പിക്കുന്നു. 'ഐക്കൺ' എന്ന വാക്കിന്റെ അർത്ഥം 'പ്രതിരൂപം' (Image) എന്നാണ്. ഐക്കൺ ഒരു വാതിൽ എന്ന് വിളിക്കപ്പെടുന്നു. അനുഭവത്തിന്റെ ഒരു പുതിയ വൻകരയിലേക്ക് കരേറ്റുന്ന വാതിൽ. ഗ്രീക്ക്, റഷ്യൻ ഓർത്തഡോക്സ് പാരമ്പര്യങ്ങളിൽ ഇവ നിറസാന്നിധ്യമാണ്. ക്രിസ്തുവിൽ ആരംഭിച്ച് ദൈവമാതാവ്, പരിശുദ്ധന്മാർ, രക്ഷാകരചരിത്രത്തിലെ സംഭവങ്ങൾ എന്നിങ്ങനെ തുടരുന്ന നിരവധി ഐക്കൺ ചിത്രങ്ങളുണ്ട്. മനുഷ്യ നിർമ്മിതിയല്ലാത്ത വിശുദ്ധ മുഖം (Acheiropoietes) എന്ന ചിത്രത്തിലാണ് കിഴക്കൻ പാരമ്പര്യത്തിലെ ഐക്കൺ ചരിത്രം ആരംഭിക്കുന്നത്. കുഷ്ഠരോഗിയായിരുന്ന അബ്ഗാർ രാജാവ് യേശുക്രിസ്തുവിനെ കാണാൻ ആഗ്രഹിക്കുന്നു. സ്വരാജ്യത്തേക്ക് ക്രിസ്തുവിനെ ക്ഷണിക്കുന്നതിന് പ്രതിനിധികളെ അയച്ചു. എന്നാൽ ക്രിസ്തുവിന്റെ അന്ത്യനാളുകൾ സമീപിച്ചിരുന്നു. തന്നെ സമീപിച്ചവർക്ക് ഒരു തൂവാലയിൽ താൻ സ്വമുഖം ഒപ്പി നൽകി. ഈ ചിത്രമാണ് Acheiropoietes. പാശ്ചാത്യപാരമ്പര്യത്തിലെ വെറോനിക്കായുടെ കൈലേസുമായി സാമ്യം ഉണ്ട്. കന്യക മറിയമിന്റെയും യേശുവിന്റെയും ചിത്രമെഴുതിയ (Hodigitria) വി. ലൂക്കോസാണ് ആദ്യ 'ഐക്കണോഗ്രാഫർ' എന്ന് മറ്റൊരിടത്ത് അവകാശപ്പെടുന്നുണ്ട്. കിഴക്കൻ സഭകളിൽ ഐക്കണോഗ്രഫി വളരെയേറെ പ്രാധാന്യം നേടി. ദേവാലയങ്ങളിൽ ഐക്കൺ ചിത്രങ്ങൾ നിറഞ്ഞു. എണ്ണത്തിരികൾ ഐക്കണുകളുടെ മുമ്പിൽ വയ്ക്കുന്നതാണ് പതിവ്. ധൂപാർപ്പണം നടത്തുന്നുണ്ട്. കാലപുരോഗതിയിൽ ആരാധനയിലെ ഐക്കൺ സാന്നിധ്യം വിവാദവിഷയമായി. വിഗ്രഹാരാധനയ്ക്കെതിരായ ദൈവകല്പനയുടെ നഗ്നമായ ലംഘനമാണ് ഓർത്തഡോക്സ് ആരാധനയിൽ നടമാടുന്നതെന്ന ആരോപണമുണ്ടായി. എ. ഡി. 726-ൽ റോമാ സാമ്രാജ്യത്തിൽ ലിയോ മൂന്നാമൻ ചക്രവർത്തിയുടെ കാലത്ത് ഇത് സംബന്ധിച്ച് ഒരു ലഹള നടന്നു (Iconoclasm). എന്നാൽ ഡമാസ്ക്കസിലെ വി. ജോൺ, തിയഡോർ, പാത്രിയർക്കീസ് നിസിഫോറസ് എന്നിവർ സത്യവിശ്വാസ സംരക്ഷകരായി എഴുന്നേറ്റു. ഐക്കണുകളുടെ ദൈവശാസ്ത്രത്തെ ആധികാരികമായി ഇവർ വിശദീകരിച്ചു.

മലങ്കര ഓർത്തഡോക്സ് സഭാ പാരമ്പര്യത്തിൽ ഐക്കൺ ചിത്രങ്ങൾ പ്രചുരപ്രചാരം നേടിയിട്ടില്ല. ആയതിനെക്കുറിച്ചുള്ള സമഗ്രമായ ഒരു അന്വേഷണം പുരോഗമിച്ചിട്ടുമില്ല. പൊതു മാനദണ്ഡങ്ങളിൽനിന്ന് വ്യതിചലിക്കാതെ തദ്ദേശീയമായ ഒരു സഭാചിത്രകല സംസ്ക്കാരം രൂപപ്പെടുത്തുന്നതിനുള്ള സാധ്യത നമുക്കേറെയുണ്ട്. പ്രത്യേകിച്ചും ക്ഷേത്രകലകൾക്ക്/വിശുദ്ധ കലകൾക്ക് പ്രസക്തിയുള്ള ഒരു ദേശത്ത് തനതും പൊതുവുമായ ഒരു ചിത്രകലാ പാരമ്പര്യത്തെ ചിട്ടപ്പെടുത്താവുന്നതാണ്.

ഐക്കൺ ചിത്രങ്ങളുടെ ദൈവശാസ്ത്രം

വി. ഐക്കണുകളുടെ സത്യവും സാംഗത്യവും വെളിപ്പെടുത്തുന്ന ആധികാരിക ഗ്രന്ഥമാണ് "Three Treatises in the Defence of Holy Icons" by 'John of Damascus' ഐക്കൺ വിവാദത്തിലെ പ്രധാന എതിർവാദങ്ങൾ തിരുവെഴുത്തിലെ ചില ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടുള്ളതായിരുന്നു. ഒരു വിഗ്രഹവും

നിനക്കായി ഉണ്ടാക്കരുത്. മുകളിൽ സ്വർഗ്ഗത്തിലുള്ളതോ താഴെ ഭൂമിയിലുള്ളതോ ഭൂമിക്കടിയിൽ വെള്ളത്തിലുള്ളതോ ആയ യാതൊന്നിന്റെയും ബിംബം ഉണ്ടാക്കരുത് (പുറപ്പാട് 20:4), (ആവർത്തനം 4:16–19) പ്രതിബിംബങ്ങളെ നിരോധിച്ചുകൊണ്ടുള്ള ഈ കൽപനയാണ് ഐക്കൺ വിരുദ്ധ കലാപത്തിന്റെ ആധാരം. നവീകരണസഭകളും സമാനനിലയിൽ ഇക്കാലത്ത് ദേവാലയത്തിലെ ചിത്രങ്ങളെച്ചൊല്ലി തർക്കവാദങ്ങൾ ഉന്നയിക്കുന്നുണ്ട്. ഡമാസ്കസിലെ യോഹന്നാന്റെ വാദങ്ങളുടെ സംക്ഷിപ്തം ശ്രദ്ധിക്കുക. അദ്ദേഹം പറയുന്നു, പഴയനിയമകാലത്ത് ദൈവം ജനത്തിന് പ്രത്യക്ഷനായത് ശബ്ദത്തിലും വചനത്തിലുമാണ്. അവൻ അശരീരിയായിരുന്നു. യിസ്രയേൽ ജനം യാതൊരുവിധ രൂപവും കണ്ടില്ല. കർത്താവ് അഗ്നിമധ്യത്തിൽ നിന്നുകൊണ്ട് നിങ്ങളോട് അരുൾ ചെയ്തു, നിങ്ങൾ വാക്കുകളുടെ ധ്വനി കേട്ടു. രൂപമൊന്നും കണ്ടില്ല. സ്വരം മാത്രം! (ആവർത്തനം 4:12). ഈ വാക്യത്തെ തുടർന്നാണ് നിരോധന കൽപന പുറപ്പെടുന്നത് (ആവർത്തനം 4:16–19). കാണപ്പെടുന്ന എന്തിന്റെയെങ്കിലും പ്രതിബിംബം നിർമ്മിക്കുന്നതിനെ വിലക്കുന്നു. തന്റെ രൂപം നിർമ്മിക്കുന്നതും ദൈവം തടയുന്നു. ഇവിടെയാണ് സൂക്ഷ്മവിചാരം നടത്തേണ്ടത്. മോശയോ ജനമോ ഇതുവരെയും കണ്ടിട്ടില്ലാത്തവന്റെ എന്ത് രൂപമാണ് ചമയ്ക്കുക? കേവലം ശബ്ദം മാത്രമാണ് അവരുടെ ദൈവാനുഭവം. കണ്ണുകൾ കണ്ടിട്ടില്ലാത്തതിന്റെ പ്രതിരൂപം എപ്രകാരമാണ് ഉണ്ടാക്കുക? ലഭ്യമായത് വചനം മാത്രമാണ്. അതാകട്ടെ മോശ കൽപ്പലകങ്ങളിൽ ആലേഖനവും ചെയ്തു. അവാച്യവും അശരീരിയുമായ ഒന്നിനെ, ആകൃതിയോ പരിമിതിയോ ഇല്ലാത്ത ഒന്നിനെ എങ്ങനെ രൂപപ്പെടുത്തും? കാരണം ഇസ്രായേൽ ജനത കേൾക്കുക മാത്രമാണ് ചെയ്തത്; കാണുകയായിരുന്നില്ല. വി. യോഹന്നാൻ തുടരുന്നു, ഇത് അരൂപിയായ ദൈവത്തിന്റെ പ്രതിരൂപം നിർമ്മിക്കുന്നതിനുള്ള സ്പഷ്ടമായ നിരോധനമായിരുന്നു. അശരീരിയായവൻ ശരീരിയായിത്തീർന്ന് നമുക്ക് ദൃശ്യനായപ്പോൾ തന്റെ മാനുഷികതയുടെ അവതരണങ്ങൾ നമുക്ക് സാധ്യമാണ്. അദൃശ്യനായവൻ ജഡം ധരിച്ചപ്പോൾ ദൃശ്യനായി. ദാസവേഷം സ്വീകരിച്ച് മനുഷ്യനായിത്തീർന്നു (ഫിലി. 2:6–7). തന്റെ മനുഷ്യാവതാര സംഭവങ്ങളെ വാക്കുകൾകൊണ്ട് ഗ്രന്ഥങ്ങളിലും, നിറങ്ങൾകൊണ്ട് ചിത്രങ്ങളിലുമെഴുതുക. അരൂപിയായവന്റെ പ്രതിരൂപമുണ്ടാക്കുന്നത് കളവാണ്. കാരണം, അത് കേവലം ഭാവനയിൽ നിന്നുളവാകുന്നത് മാത്രമാണ്. അതിനാൽ അത് അസത്യവും വ്യാജവുമായിരിക്കും.

ഏതെങ്കിലും സൃഷ്ടിയുടെ സാദൃശ്യം നിർമ്മിക്കുന്നതിനെയും നിരോധിക്കുന്നുണ്ടല്ലോ. വിശുദ്ധന്മാരുടെ ഐക്കണുകൾ ഇവിടെ ചോദ്യം ചെയ്യപ്പെടുന്നുണ്ട്. അതിനെക്കുറിച്ചുള്ള പ. പിതാവിന്റെ അഭിപ്രായം കേൾക്കുക, ആദി മനുഷ്യനായ ആദമിന്റെ പതനത്തോടെ ഭൗമികലോകം ദ്രവത്വത്തിന് വിധേയമായി. അതിനാൽ സൃഷ്ടമായ യാതൊന്നിന്റെയും പ്രതിരൂപം അനശ്വരതയിലേക്ക് നയിക്കുന്നതിന് പര്യാപ്തമല്ല. മരണവും വിഘടനവും പ്രകൃതത്തിൽ വന്നു പിച്ചവച്ചവയെല്ലാം നശ്വരതയിലേക്കാണ് നടത്തുക. പാപപങ്കിലമായതിന്റെ പ്രതിരൂപങ്ങൾക്ക് അകളങ്കിത സത്യത്തിലേക്ക് നമ്മെ ഉയർത്താനാവില്ല. എന്നാൽ ഒരു കാര്യം ഓർമ്മിക്കേണ്ടതുണ്ട്. യഹോവയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി സമാഗമനകൂടാരം ചമയ്ക്കുമ്പോൾ കെറൂബുകളുടെ രൂപം നിർമ്മിക്കുന്നതായി കാണുന്നുണ്ട് (പുറപ്പാട് 25:18–1). പ്രത്യക്ഷത്തിൽ ഇത് കൽപന ലംഘനമായിത്തന്നെ കരുതാവുന്നതാണല്ലോ! എന്നാൽ നാം ഗ്രഹിക്കേ ആത്മീയ അർത്ഥതലങ്ങളുണ്ട്. കലയിലൂടെ ആത്മീയ യാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്നതിന്റെ സാധ്യതയാണ് ഇവിടെ അനാവരണം ചെയ്യപ്പെടുന്നത്. ശില്പിയായ ബസാലേലിനെക്കുറിച്ച് പരാമർശിക്കുന്നത് ശ്രദ്ധിക്കുക, എല്ലാ കൈത്തൊഴിലുകൾക്കും വേണ്ട അറിവും സാമർത്ഥ്യവും ബുദ്ധിയും കരവിരുതും നൽകി ദൈവചൈതന്യത്താൽ ഞാൻ അയാളെ നിറച്ചിരിക്കുന്നു (പുറ. 31:1–5). ദിവ്യകല സാമാന്യകഴിവുകൊണ്ട് മാത്രം സാധ്യമല്ല. അത് ദൈവാത്മാവിന്റെ ജ്ഞാനത്തിൽ നിന്നുയരുന്നതാണ്. അതിമനോഹരമായ ചിത്രപ്പണികളാൽ ദേവാലയം രൂപപ്പെടുത്തിയ ശലോമോൻ ദൈവത്തോട് ചോദിച്ച് വാങ്ങിയതും ഇതേ ജ്ഞാനം തന്നെയാണ് (1 രാജാ. 6:23–25). ദൈവീക പ്രചോദനമാണ് ആരാധനകലയുടെ (Liturgical art) അടിസ്ഥാനതത്വം. വ്രതശുദ്ധിയോടെ നോമ്പുകാലത്ത് ഐക്കണുകൾ രചിക്കണമെന്ന പരിശീലനത്തിന്റെയും

പ 1

ന്നിൽ ഈ ബോധ്യമുണ്ട്. ദിവ്യകലയും വ്യവഹാരകലയും തമ്മിൽ വ്യത്യസ്തത പുലർത്തുന്നതിൽ ഇതും ഒരു കാരണമാണ്. മുന്നമേ സൂചിപ്പിച്ചിട്ടുള്ളത് പോലെ പഴയ നിയമം ഇസ്രായേൽ കേട്ട് അനുസരിക്കുകയായിരുന്നു. പഴയനിയമം പുതിയനിയമത്തിന്റെ നിഴലുകൾ സമ്മാനിക്കുന്നു (എബ്രായർ 10:1). പുതിയനിയമമാകട്ടെ പൊരുളറിഞ്ഞ കാലമാണ്. ശിഷ്യന്മാർ മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിനെ കണ്ടു. തമ്പുരാന്റെ വാക്കുകളിൽ, എന്നാൽ നിങ്ങളുടെ കണ്ണുകൾ ഭാഗ്യമുള്ളവയാണ്; അവ കാണുന്നു. നിങ്ങളുടെ കാതുകൾ ഭാഗ്യമുള്ളവയത്രേ; അവ കേൾക്കുന്നു (വി. മത്തായി 13:16). യോഹന്നാൻ ശ്ലീഹാ അത് വ്യക്തമാക്കുന്നുണ്ട്. ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിലിരിക്കുന്ന ദൈവം തന്നെയായ ഏകജാതനാണ് അവനെ വെളിപ്പെടുത്തിയിരിക്കുന്നത് (1:18), ശിഷ്യന്മാർ തന്റെ കഷ്ടതയും സഹനവും മഹിമയും അത്ഭുതങ്ങളും എന്നിങ്ങനെ സകലത്തിനും സാക്ഷികളായി. നമുക്കും ഇത് തന്നെയാണ് ആഗ്രഹം. ശ്ലീഹന്മാരിൽനിന്ന് പൂർവ്വപിതാക്കന്മാർ പ്രാപിച്ചിട്ടുള്ളതും പൂർവ്വപിതാക്കന്മാർ നമ്മെ ഭരമേൽപ്പിച്ചിട്ടുമുള്ളതും ഈ അനുഭവമാണ്. വാക്കുകളിലും പ്രതിരൂപങ്ങളിലും എഴുതപ്പെട്ടതും പറയപ്പെട്ടതുമായ നേരറിവുകളുടെ ധ്യാനത്തിലൂടെയാണ് അവരുടെ അനുഭവലോകത്തിലേക്ക് നമ്മളും ആന

യിക്കപ്പെടുന്നത്. വിശുദ്ധഗ്രന്ഥം പോലെതന്നെ ഐക്കണുകളും തന്റെ വിസ്മയകരമായ രക്ഷണ്യപ്രവൃത്തികളിലേക്ക് നമ്മുടെ ബോധത്തെ ഉയർത്തുന്നു. ഉന്നതസംഗതികളെക്കുറിച്ചുള്ള ധ്യാനം വിചാരങ്ങളെ ശുദ്ധീകരിക്കുന്നു. കാഴ്ചയെ തെളിമയുള്ളതാക്കുന്നു. ആന്തരികലോകത്തെ ചൈതന്യവത്താക്കുന്നു. കണ്ണ് തെളിവുള്ളതെങ്കിൽ ശരീരം പ്രഭാപൂരിതമാകുന്നു.

ക്രിസ്തുവിനോട് ചേർന്ന് ആദ്യം വിമലീകരിക്കപ്പെട്ടത് കന്യകയാണ്. പഴയനിയമത്തിലും ക്രിസ്തുവിന്റെ മുൻകുറികളോടൊപ്പം കന്യകയുടെ നിഴൽചിത്രങ്ങളും ഏറെയുണ്ട്. ഇസ്സഹാക്കിന്റെ ബലി, കുഞ്ഞാട്, പിച്ചള, സർപ്പം എന്നിങ്ങനെ പലതും ക്രിസ്തുവിന്റെ സൂചകങ്ങളാകുമ്പോൾ ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥയായ എസ്തേർ, മന്നാ ഇട്ടുവച്ച ചെപ്പ്, അഹറോന്റെ തളിർത്ത വടി എന്നിങ്ങനെ കന്യകയുടെ ദൃഷ്ടാന്തങ്ങളും നിരവധിയായിട്ടുണ്ട്. ഇതേ കാരണംകൊണ്ട് തന്നെ ആദ്യം നിർമ്മിക്കപ്പെട്ട ഐക്കണുകളും ക്രിസ്തുവിന്റേതും കന്യകയുടേതുമാണ്. പിന്നീട് വിശുദ്ധ പിതാക്കന്മാരുടെ ഐക്കണുകൾ രൂപപ്പെട്ടു. വിശുദ്ധന്മാരുടെ ഐക്കണുകൾ രചിക്കുമ്പോൾ കേവലം ഛായാചിത്രങ്ങളല്ല എഴുതുന്നത്. അവരുടെ ബാഹ്യപ്രകൃതികളുടെ തത്സ്വരൂപം വരയ്ക്കപ്പെടുമ്പോൾ യഥാർത്ഥത്തിൽ ആ പ്രതിരൂപം അവരെ ചരിത്രകാലത്തിൽ (Historical Time) ചുരുക്കുന്നു. ഐക്കണുകൾ ആരാധനയുടെ ഭാഗമായതിനാൽ അത് ദിവ്യകാല ബന്ധിതമാണ് (Sacred Time). വിശുദ്ധകാലം നിത്യതയാണ്. നിത്യവെളിച്ചത്തിലേയ്ക്കുള്ള വഴികാട്ടികളാണ് വിശുദ്ധന്മാർ. ഒരു വിശുദ്ധനെ ആദരിക്കുമ്പോൾ കേവലം ഒരു മനുഷ്യന്റെ സൽഗുണങ്ങളെയല്ല; മറിച്ച് ആ വ്യക്തിയിൽ പ്രകാശിതമായ ദൈവസ്വരൂപത്തെയാണ് നാം വണങ്ങുന്നതെന്ന പൗരസ്ത്യ ദൈവശാസ്ത്രം ഇവിടെ ഓർമ്മിക്കേണ്ടതുണ്ട്. ദൈവമഹത്വത്തിന്റെ അടയാളങ്ങളാണ് വിശുദ്ധന്മാർ. വി. ബസേലിയോസ് ആരായുന്നുണ്ട്, ചക്രവർത്തിയുടെ പ്രതിരൂപങ്ങൾ പട്ടണങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. അവയെ ബഹുമാനിക്കുന്ന ആളുകൾ കേവലം രൂപങ്ങളെയല്ല ചക്രവർത്തിയെത്തന്നെ ആദരിക്കുന്നുവെന്ന് ആർക്കാണറിയാത്തത്? നിയോപ്പോലീസിലെ ലിയോണന്റിയസിന്റെ ഭാഷയിൽ, കുരിശ് രൂപം ലഭിച്ചതുകൊണ്ടാണ് തടി വന്ദിക്കപ്പെടുന്നത്. രാജകീയ മുദ്രയിൽ ചുംബിക്കുമ്പോൾ കടലാസിനെയും മഷിയേയുമല്ല, രാജാവിനെയാണ് ചുംബിക്കുന്നത്. ഐക്കണുകൾ ജാലകങ്ങളാകുന്നത് ഈ അർത്ഥത്തിൽ തന്നെയാണ്.

സത്യത്തിൽ മനുഷ്യാവതാരം തന്നെയാണ് ഐക്കണുകളുടെ അടിസ്ഥാനം. വീണുപോയ പ്രതിരൂപത്തെ ആദിലാവണ്യത്തിലേയ്ക്ക് പുനരാക്കുന്ന മനുഷ്യാവതാരം. ഐക്കണുകൾ ഓർമ്മിപ്പിക്കുന്നത് പ്രവൃത്തിലേയ്ക്കുള്ള മടക്കത്തെയാണ്. ഉല്പത്തി 1:26-ൽ വെളിപ്പെടുന്ന ത്രിത്വപദ്ധതിയിൽ, നാം നമ്മുടെ സ്വരൂപത്തിലും സാദൃശ്യത്തിലും (Image and Likeness) മനുഷ്യനെ സൃഷ്ടിക്കുന്നതിനെക്കുറിച്ചാണ് പറയുന്നത്. പിതാക്കന്മാരുടെ വ്യാഖ്യാനം ശ്രദ്ധിക്കുക. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ദൈവസ്വരൂപത്തിലാണ് (Image). മനുഷ്യൻ വളരേണ്ടത് ദൈവസാദൃശ്യ (Likeness) ത്തിലേയ്ക്കാണ്. ദൈവസ്വരൂപം ഒരു സാധ്യതയും ദൈവസാദൃശ്യം ആർജ്ജിക്കേണ്ട സിദ്ധതയുമാണ്. വി. മാമോദീസായിലൂടെ ക്രിസ്തുവിനെ ധരിക്കുന്നു. ദൈവകൃപാതിരേകത്താൽ നഷ്ടപ്പെട്ടുപോയ ദൈവസ്വരൂപം വീണ്ടെടുത്തു. ഇതാണ് വീണ്ടും ജനനം. നന്മയിലുള്ള പുരോഗമനമാണ് സ്നാനമേറ്റവരെ ദൈവസാദൃശ്യത്തിലേയ്ക്ക് നയിക്കുക. വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിങ്ങനെയുള്ള മൗലിക ഗുണങ്ങളിൽ വളരുന്നതിലൂടെയാണ് ആത്മീയ വർദ്ധനവ് കൈവരിക്കുക - ഫോട്ടിസിലെ ഡിയാഡോക്കസ് പറയുന്നു, ഒരു ചിത്രകാരൻ ആദ്യം രേഖാചിത്രമാണ് കോറുന്നത്. പിന്നീട് നിറം ചാലിച്ച് പൂർത്തീകരിക്കുന്നു. അതുപോലെ, വി. മാമ്മോദീസായിലൂടെ ദൈവകൃപ സ്വരൂപം വീണ്ടും നൽകുന്നു. നമ്മുടെ ഇച്ഛാബലത്തിന്റെ (Will) സദുപയോഗത്താൽ നാം ദൈവസാദൃശ്യത്തിലേയ്ക്ക്, തേജസ്സിൽനിന്ന് തേജസ്സിലേക്ക് ആത്മാവിന്റെ സൗന്ദര്യം ഉയർത്തുന്നു. വി. ബസ്സേലിയോസിന്റെസൃഷ്ടിവിവരണത്തിൽ (Hexameron) ഇങ്ങനെ പറയുന്നു, മനുഷ്യൻ സൃഷ്ടിയുടെ അതിരാണ്. അവനിൽ സൃഷ്ടികർമ്മം അവസാനിക്കുന്നു. സൃഷ്ടലോകത്തിന്റെയും വരുവാനുള്ള ലോകത്തിന്റെയും അതിർരേഖയിൽ ദൈവം അവനെ നിർത്തി. സകല സൃഷ്ടിയെയും ദൈവീകരണത്തിലേയ്ക്ക് നയിക്കുകയെന്നതാണ് മനുഷ്യധർമ്മം. രണ്ടാം ആദമായ ക്രിസ്തുവിൽ ഇത് സമാരംഭിക്കുന്നു. ക്രിസ്തു വാതിലാകുന്നു. അവന്റെ ശരീരത്തിലൂടെ കടന്നുപോകാത്തവൻ അപ്പുറം കടക്കുന്നില്ല. പുതിയ അനുഭവത്തിലേക്ക് പ്രവേശിക്കുന്നില്ല. അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപമാണ്: സർവ്വസൃഷ്ടികളിലും ആദ്യജാതൻ. അവനിലാണ് സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള ദൃശ്യവും അദൃശ്യവുമായ സകലവും സൃഷ്ടിക്കപ്പെട്ടത്.... അവനിൽ സർവ്വ സമ്പൂർണ്ണതയും വസിക്കുവാൻ പിതാവിന് പ്രസാദം തോന്നി. (കൊലോസ്യർ 1:16, 19). ഒന്നാമത്തെ ആദം ദൈവത്തിന്റെ വിളിയോട് ഗുണപരമായ പ്രതികരണം കാണിച്ചില്ല. ദൈവകല്പന ലംഘിച്ചു. ദൈവത്തിൽ നിന്നകന്നപ്പോൾ ഇച്ഛാബലം ക്ഷയിച്ചു. പാപംമൂലം അവൻ ചിതറപ്പെട്ടു. അത് പ്രപഞ്ചത്തിന് ദുരന്തകാരണമായി. മനുഷ്യൻമൂലം ലോകം ദൈവമഹത്വത്തെ ഘോഷിക്കുന്നതിൽനിന്ന് തടയപ്പെട്ടു. മനുഷ്യന്റെ ആദിമ സംശുദ്ധി വീണ്ടെടുക്കലാണ് മനുഷ്യാവതാര ലക്ഷ്യം. നവീന ദൈവശാസ്ത്രജ്ഞനായ വി. ശിമയോൻ പറയുന്നു, ദൈവം തന്റെ പുത്രനെ ലോകത്തിലേയ്ക്ക് അയച്ചു. താൻ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമായി അവതരിച്ചു. അവന് തുല്യനായി ആരുമില്ല. എന്നിട്ടും അവൻ എന്തുകൊണ്ട് നിയമത്തിന് കീഴ്പ്പെട്ടിരിക്കുകയും തിന്മയോട് പോരാടുകയും ചെയ്തു? പാപമില്ലാത്തവനായ

താൻ പാപികളായ നമുക്കുവേണ്ടി തിന്മയോട് അടരാടി സാത്താന്റെ ഒടുക്കത്തെ ആയുധമായ മരണത്തെ ജയിച്ചത് പാപമില്ലാതിരുന്നവനായ ആദമിന്റെ മൂലപ്രകൃതത്തെ (Original Nature) പുനർസൃഷ്ടിക്കുന്നതിനാണ്. പാപം മനുഷ്യന്റെ സ്വാഭാവിക പ്രകൃതത്തിലുള്ളതല്ല. ദൈവസൃഷ്ടമല്ല പാപം. സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗത്തിലൂടെ തന്റെ പ്രകൃതത്തിൽ പുറമേ നിന്ന് പ്രവേശിച്ചതാണ് (Super Imposed on Human Nature) എന്ന് വിസ്മരിക്കരുത്.

മനുഷ്യാവതാരം കേവലം ആദിസുഗതയുടെ പുനരാവിഷ്ക്കാരം മാത്രമായിരുന്നില്ല; ഒപ്പം ഒന്നാമത്തെ ആദമിന് നേടാനാവാതെ പോയതിന്റെ സാക്ഷാത്ക്കാരവും കൂടെയാണ്. ഇത് രൂപാന്തരത്തിനും ദൈവീകരണത്തിനുമുള്ള മാർഗ്ഗം കാട്ടിത്തരലാണ്. മനുഷ്യഹിതവും ദൈവഹിതവും പരസ്പരപൂരിതമാകുന്ന ഇടമാണ് ദൈവരാജ്യം. സന്ന്യാസ ആശ്രമങ്ങളെക്കുറിച്ച് ദൈവരാജ്യാനുഭവങ്ങളുടെ മുൻരുചി പ്രദാനം ചെയ്യുന്നിടങ്ങളായി പറയാറുണ്ടല്ലോ! കാരണം തന്റേതായ എല്ലാ ഇഷ്ടങ്ങളേയും പൊതുനന്മയെപ്രതി ത്യജിക്കുന്നതിന് ഗുരുവിനോടുള്ള അനുസരണം ശീലിപ്പിക്കുന്നുണ്ട്. സ്വജീവിതത്തിൽ പരഹിതം നിറവേറ്റപ്പെടാനുള്ള സാധനകൾ! ആത്യന്തികമായി സ്വഹിതങ്ങൾക്ക് പകരം ദൈവഹിതം നടപ്പിലാക്കുന്നതിനുള്ള പാഠങ്ങൾ! ഇതിന്റെയൊരു പാരമ്യമാണ് ഗത്സമേനയിൽ കാട്ടിത്തരുന്നത്. ദൈവഹിതം നടപ്പിലാകുന്നിടം ദൈവരാജ്യമാണ്. ദൈവഹിതം നടപ്പിലാക്കുന്നവർ വിശുദ്ധന്മാരും. അതിനാൽ വിശുദ്ധന്മാർ ദൈവരാജ്യത്തിന്റെ അടയാളങ്ങളാണ്. ദൈവേഷ്ടം സ്വജീവിതത്തിൽ നിറവേറ്റപ്പെടാൻ പരിശ്രമിക്കുന്ന മനുഷ്യൻ ദൈവരാജ്യ അനുഭവത്തിലേയ്ക്കും ദിവ്യസ്വഭാവ പങ്കാളിത്തത്തിലേയ്ക്കും വളരുന്നു. വി. ബസേലിയോസും നസിയാൻസിലെ ഗ്രീഗോറിയോസും പറയുന്നത്, 'Man is a creation, but he is commanded to become God.' 'തൻ സാമ്യം താൻ പൂണ്ടിടുവാൻ നമ്മുടെ സാമ്യമവൻ പൂണ്ടു' എന്ന് വി. അത്താനാസ്യോസിന്റെ വരികൾ ഒരു ഗീതമായി നാം ചൊല്ലുന്നുണ്ട്.

ആദമിന്റെ അനുസരണക്കേട് ലോകത്തിന്റെ ക്രമരാഹിത്യത്തിനും ദ്രവത്വത്തിനും കാരണഭൂതമായെങ്കിൽ ദൈവത്തെ അനുസരിക്കുന്നതിലൂടെ ദിവ്യസ്വഭാവത്തിൽ പങ്കാളികളാകുന്ന വിശുദ്ധന്മാർ അതേ ലോകത്തിന്റെ രൂപാന്തരത്തിന് തുടക്കം കുറിക്കുന്നു. താബോറിലെ തേജസ്ക്കരണം ഭാവിഭാഗധേയത്തിന്റെ സൂചനയാണ്. വരുവാനുള്ള യുഗത്തിന്റെ ദർശനമാണ്. വിശുദ്ധന്മാരുടെ ശരീരങ്ങളും പ്രഭാപൂരിതമാകുന്നുവെന്ന് താബോർചരിത്രം ബോധ്യപ്പെടുത്തുന്നു. പഴയൊരു വിശ്വാസപാഠത്തിൽ പറയുന്നതുപോലെ 'The man whose soul is all on fire also transmits the glory attained internaly to his body, just as a fire treansfers its heat to iron.' വരുവാനുള്ള ലോകത്തിന്റെ പ്രകാശമാണ് വിശുദ്ധരിൽ വെളിപ്പെടുന്നത്. അവർ അക്ഷയമായ ലാവണ്യത്തിന്റെ അടയാളങ്ങളാണ്. ദിവ്യസ്വഭാവത്തിൽ സംബന്ധികളാണ്. അതിനാൽ ഒരു വിശുദ്ധന്റെ ഐക്കൺ കേവലം ഒരു സൃഷ്ടജീവിയുടെ പ്രതിരൂപം എന്ന നിലയിലല്ല; ദൈവീകരിക്കപ്പെട്ട ആദി പ്രകൃതത്തിന്റെ പ്രതിരൂപമായിട്ടാണ് ഗ്രഹിക്കേണ്ടത്. ഇത് ദ്രവത്വമുള്ള ജഡത്തെയല്ല; ആത്മീയ ശരീരത്തെയാണ് ചിത്രീകരിക്കുന്നത് (1 കൊരി. 15:35-46).

ഐക്കണുകളുടെ വ്യതിരിക്തത:

അരിസ്റ്റോട്ടിലിന്റെ കാവ്യമീമാംസ അനുകരണത്തിൽ അധിഷ്ഠിതമാണ്. പാശ്ചാത്യകലയും സാഹിത്യവും ഇതാണ് പിന്തുടരുന്നത്. ബാഹ്യപ്രകൃതിയുടെ അനുകരണം. അതിനാൽ എത്രമാത്രം സ്വാഭാവികമായി രചിക്കപ്പെടുന്നുവോ അത്രയും മിഴിവ് ചിത്രങ്ങൾക്ക് കൽപിച്ച് നൽകും. ഒറിജിനൽ തോറ്റുപോകും എന്ന് നാം പറയാറുള്ള തരത്തിലാണ് ചമയ്ക്കുന്നത്. എന്നാൽ ഐക്കണുകളുടെ രചനാരീതി വ്യത്യസ്തമാണ്. പ്രത്യക്ഷത്തിൽ അസുന്ദരങ്ങളും അസ്വാഭാവികങ്ങളുമാണ് അവ. ചിത്രമെഴുത്ത് വശമില്ലാത്ത ആളുകളുടെ വിരുത് പോലെയാണ് അവ തോന്നുക. മുന്നമേ സൂചിപ്പിച്ചിട്ടുള്ളതുപോലെ ഇഹലോക ചരിത്രത്തിൽ പരിമിതങ്ങളായ രൂപങ്ങളുടെ അതേ ഛായാചിത്രമല്ല ഐക്കണുകൾ പകർത്തുക. കാരണം, അത് കേവലം എഴുപത് ഏറെയായാൽ എൺപത് സംവത്സരങ്ങളുടെ പ്രതിരൂപം മാത്രമാണ്. ഐക്കൺ ചരിത്രാതീതകാല അനുഭവങ്ങളുടെ സാക്ഷ്യപ്പെടുത്തലാണ് എന്നത് വിസ്മരിക്കരുത്. വരുവാനുള്ള ലോകത്തിന്റെ അടയാളങ്ങളാണ് കോറിയിടുന്നത്. നിത്യതയിലെ മുൻരുചികളാണ് സൂചിപ്പിക്കപ്പെടുന്നതത്രയും. കിഴക്കൻ പാരമ്പര്യങ്ങളിൽ, ഭാരതീയ ക്ഷേത്രകലകളിലും സമാനമായ ഒരാശയം ഉണ്ട്. വലിയ ശിരസ്സുകളും ചെറിയ ഉടലുകളുമുള്ള ചുവർചിത്രങ്ങളൊക്കെ നിർമ്മിക്കുന്നതിന് നൽകുന്ന വ്യാഖ്യാനം ശ്രദ്ധിക്കുക, അനന്തമായ ദൈവീക ലാവണ്യം പകർത്തുന്നതിനുള്ള സൃഷ്ടിയുടെ അശക്തിയാണ് അപൂർണ്ണരൂപങ്ങളിലും മറ്റും സൂചിപ്പിക്കപ്പെടുന്നതത്രേ! പേർഷ്യൻ ചിത്രകലാപാരമ്പര്യവും ഇതേ വിവക്ഷകൾ നൽകുന്നുണ്ട്. വിഗ്രഹങ്ങളും ഐക്കണുകളും തമ്മിൽ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നും സാന്ദർഭികമായി സൂചിപ്പിക്കട്ടെ. വിഗ്രഹങ്ങൾ അതിൽതന്നെ ദൈവമായി ഗണിക്കപ്പെടുമ്പോൾ ഐക്കണുകൾ ദൈവമഹത്വത്തെ ഘോഷിക്കുന്ന മാധ്യമങ്ങളായിട്ടാണ് നിലകൊള്ളുന്നത്. ദേവന്മാരും വിശുദ്ധന്മാരും തമ്മിലുള്ള വ്യതിരിക്തതയും ഇവിടെതന്നെയാണ്. ഐക്കണുകളിലെ വ്യക്തികളുടെ രൂപങ്ങൾക്ക് അവരുടെ ദിവ്യസ്വഭാവപങ്കാളിത്തമനുസരിച്ചാണ് വലിപ്പം നിർണ്ണയിക്കപ്പെടുക. മരങ്ങൾ ആത്മീയ വളർച്ചയുടേയും ജീവവൃക്ഷത്തോടുള്ള സാമീപ്യത്തിന്റെയും പ്രതീകമായും; കൊടുമുടികൾ ആത്മീയ സാംഗത്യമുള്ള ഇടങ്ങളായും നിലകൊള്ളുന്നു. മനുഷ്യമുഖങ്ങളിൽ വായ് ചെറുതും കണ്ണും കാതും വലുതുമായി കാണാറുണ്ട്. വ്യർത്ഥഭാഷണങ്ങളിൽ നിന്നകന്ന്, മിണ്ടാതെയിരുന്ന് ദൈവമാരെയറിയുന്നവരുടെ

ജാഗ്രതയും സാധനയും ഇത് ഓർമ്മിപ്പിക്കുന്നു. ഐക്കൺ രചിക്കുന്നതിനുള്ള പലകകൾ നിർമ്മിക്കുന്നതിന് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളുണ്ട്. ചിത്രത്തിൽ ഉപയോഗിക്കുന്ന നിറങ്ങൾക്ക് സവിശേഷമായ അർത്ഥങ്ങൾ നൽകിയിട്ടുണ്ട്. ചിലത് ഇങ്ങനെയാണ്. വെള്ളനിറം നിത്യതയെയും വിശുദ്ധിയെയും കുറിക്കുന്നു. നീല എളിമയും വിരക്തിയും പൗരോഹിത്യവേഷവും, ചുവപ്പ്/പർപ്പിൾ നിറങ്ങൾ സ്നേഹവും രാജകീയ വസ്ത്രവും സൂചിപ്പിക്കുന്നു. പച്ചനിറം ജീവന്റെ സമൃദ്ധിയെയും പരിശുദ്ധാത്മാസാന്നിധ്യത്തെയും ദ്യോതിപ്പിക്കുന്നു. സുവർണ്ണം ദൈവീകതയെ അടയാളപ്പെടുത്തുന്നു. മഞ്ഞനിറം സത്യവും രക്ഷയും പ്രഖ്യാപിക്കുന്നു. സർവ്വോപരി ഐക്കൺ രചനാരീതിയും ഗൗരവതരമായ ഒരു സമീപനമാണ്. Progressive enlightenment എന്നാണ് ഈ രചനാസങ്കേതത്തെ വിശേഷിപ്പിക്കുന്നത്. ചിത്രമെഴുത്തിന്റെ പ്രാരംഭത്തിൽ കടുംനിറങ്ങൾ ചാലിക്കുന്നു. തുടർന്ന് ഇളംനിറങ്ങൾ നൽകി നേർപ്പിച്ച് പ്രകാശിതമാക്കുന്ന ശൈലിയാണ് ഇത്. ദൈവീക തേജസ്സിലേക്ക്/മഹത്വത്തിലേയ്ക്കുള്ള/ഹിതത്തിലേയ്ക്കുള്ള (energia) മനുഷ്യന്റെ വളർച്ചയെയാണ് ഐക്കണുകളും ആത്യന്തികമായി ഓർമ്മിപ്പിക്കുന്നത്. ഐക്കൺ രചയിതാക്കൾ വിശ്വാസജീവിതം നയിക്കുന്നവരാകണം. കലയും കഴിവും മാത്രം പോരാ; ജീവിതവിശുദ്ധിയും അനിവാര്യമാണ്. കേവല ഭാവനയല്ല; ധ്യാനമാണ് ആവശ്യപ്പെടുന്നത്. കാരണം 'അവരുടെ ഹൃദയം തേടുന്നതും വിരലുകളെഴുതുന്നതും തമ്മിൽ ഒരു അനുസ്യൂത ചേർച്ചയുണ്ട്. ധ്യാനപൂർവ്വം സത്യം' തേടുന്ന ഈ ദിവ്യകല ബാഹ്യപ്രത്യക്ഷതകളുടെ ആവിഷ്ക്കരണത്തെക്കാളും ആന്തരിക ലോകത്തെ ദൈവമഹിമയുടെ പ്രകാശനം ലക്ഷ്യമാക്കുന്നതിനാൽ ഇത് വ്യാവഹാരിക കലയിൽനിന്നും തികച്ചും വ്യത്യസ്തത പുലർത്തുന്നു.

ഉപസംഹാരം

ദൈവീക ലാവണ്യത്തെ മാനുഷിക നേത്രങ്ങൾക്ക് പ്രാപ്യമാക്കുന്ന ഭൗതികമാർഗ്ഗങ്ങളാണ് ഐക്കണുകൾ. ദേവാലയ ചാരുതയേറ്റുന്നു. വിശ്വാസസംബന്ധിയായ സംഗതികളിലേയ്ക്ക് ശ്രദ്ധയുയർത്തുന്നു. വിചാരത്തിന്റെ ഉന്നതതലങ്ങളിലേക്ക് കരേറ്റുന്നു. വിശുദ്ധന്മാരുടെ നന്മകളെ അനുകരിക്കുന്നതിന് പ്രചോദിപ്പിക്കുന്നു. ജീവിതത്തിൽ പുലർത്തേണ്ട ക്രിസ്തീയ മര്യാദകളെയും ലക്ഷ്യങ്ങളെയും ഓർമ്മിപ്പിക്കുന്നു. ക്രിസ്തീയ നിത്യതയെക്കുറിച്ചുള്ള ധ്യാനത്തിലേക്ക് ഇവ നമ്മുടെ ബോധത്തെ ഉയർത്തുക. സനാതനമായി നിലനിൽക്കുന്നവയോടുള്ള നിരന്തര സന്ധിയാണ് അനിത്യ വസ്തുക്കളോടുള്ള നമ്മുടെ ആസക്തികളിൽനിന്നും നമ്മെ വിമുഖരാക്കുക ആരാധനയുടെ ലക്ഷ്യവും ഇന്ദ്രിയങ്ങളുടെ വിമലീകരണമാണ്. അകളങ്കിതമായ സത്യദർശനത്തിലേയ്ക്കാണ് ആരാധനാ പരിസരങ്ങളിലെ സകലവും ഐക്കണുകൾ ഉൾപ്പെടെയുള്ള പ്രതീകങ്ങൾ നമ്മെ നയിക്കുന്നത്. ലോകത്തിന്റെ കൗദാശികമാനം / വിമലതലം വീണ്ടെടുക്കലാണ് ആരാധനയുടെ ലക്ഷ്യം. ഹൃദയത്തിന് ഗുണകരമായ അവസ്ഥാന്തരം ഉണ്ടാകലാണ് ഭക്തി. അത് കേവലം സ്വാർത്ഥം അന്വേഷിക്കലല്ല. ഓരോ ക്രിസ്ത്യാനിയും ജീവനുള്ള ഒരു ഐക്കൺ തന്നെയാണ്. ദൈവമഹത്വത്തെ ഘോഷിക്കുവാനും ചരിത്രത്തിൽ ദൈവരാജ്യത്തെയും അതിന്റെ ദിവ്യസ്വഭാവത്തെയും നിത്യപ്രകാശത്തെയും അടയാളപ്പെടുത്തുവാനാണ് നമ്മുടെയും വിളിയും തെരഞ്ഞെടുപ്പും. ആരാധനാ ജീവിതത്തിലൂടെ ക്രിസ്തുവിന്റെ ജീവനുള്ള പ്രതിരൂപങ്ങളായി (Icon) തീരുവാനുള്ള മനുഷ്യന്റെ പരിശ്രമത്തിൽ ഐക്കൺ ചിത്രങ്ങളും സാരവത്തായ പങ്കുവഹിക്കുന്നുവെന്ന് നിസ്തർക്കമാണ്.

അനുബന്ധം

പ്രശസ്തമായ ചില ഐക്കൺചിത്രങ്ങളും അവയുടെ ഭാഗികമായ അർത്ഥവിവരണങ്ങളും ചേർക്കുന്നു.

1. വി. ത്രിത്വം, 2. ജനനം, 3. വി. ദൈവമാതാവ്, 4. മറുരൂപം.

വി. ത്രിത്വത്തെ സൂചിപ്പിക്കുന്ന ഐക്കൺ

ഉല്പത്തി 18:1–5 വരെയുള്ള വേദഭാഗത്തെ അടിസ്ഥാനമാക്കി മൂന്ന് ദൈവദൂതന്മാർ. അബ്രഹാമിന്റെ ഭവനവും മമ്രേയുടെ തോപ്പിലെ ഓക്ക് മരവും ചിത്രത്തിലുണ്ട്. നിരവധി വ്യാഖ്യാനങ്ങളാൽ സമ്പന്നമായ ഈ ഐക്കണിനെ സംബന്ധിച്ച ലളിതവും ആകർഷകവുമായ ഒന്ന് ഇപ്രകാരമാണ്.

സർവത്തിനും ഉറവിടമായ പിതാവിന് പിന്നിൽ മരം ചേർത്തിരിക്കുന്നത് അതിനെ ഏദനിലെ ജീവവൃക്ഷമായി അർത്ഥം നൽകിക്കൊണ്ടാണ്. ക്രിസ്തുവിന് പിന്നിൽ കാട്ടുന്ന അബ്രഹാമ്യഭവനം തന്റെ ശരീരമായ സഭയെ സൂചിപ്പിക്കുന്നു. റൂഹായുടെ സ്ഥാനം പാറക്കെട്ടുകൾക്ക് മുമ്പിലാണ്. അത് ഗിരിശൃംഗം, മാളികമുറി, താബോർ ആരോഹണം, പരിശുദ്ധാത്മാവിലുള്ള ആനന്ദം, പ്രവാചകദൗത്യം എന്നിങ്ങനെ നിരവധി അർത്ഥങ്ങൾ ഉൾക്കൊള്ളുന്നു റിബൺപോലെ തലയെ അലങ്കരിക്കുന്ന കെട്ടും; കൈയിലെ നീളമുള്ള വടിയും ആർക്ക് ഏഞ്ചൽസിനെ (പ്രധാന മാലാഖമാരെ) സൂചിപ്പിക്കുന്നു. Andrei Rublev (അഡ്രേ റുബ്ലേവ്) (1425) ആണ് ഈ ഐക്കണിന്റെ രചയിതാവ്. മൂന്ന് എന്ന സംഖ്യയുടെ ഒരു വ്യാഖ്യാനം ശ്രദ്ധേയമാണ്. ഒന്ന് ഏകാന്തതയുടെ സംഖ്യയാണ്. രണ്ട് വിഭജനത്തിന്റേതും, മൂന്ന് വിഭജനാതീതവുമാണ്. ത്രിത്വത്തിന്റെ അഖണ്ഡതയെ ഇത് സൂചിപ്പിക്കുന്നു.

യേശുതമ്പുരാന്റെ ജനനം

കർത്താവിന്റെ ജനനത്തെ വെളിപ്പെടുത്തുന്ന ഈ ഐക്കണിലെ മുഖ്യകഥാപാത്രങ്ങൾ ഗുഹയ്ക്കുള്ളിൽ കിടത്തിയിരിക്കുന്ന ശിശുവും മറിയാമും യൗസേഫും മാലാഖമാരും ആട്ടിടയരും വിദ്വാന്മാരും ആണ്. കിഴക്കുദിച്ച നക്ഷത്രത്തിന്റെ ശോഭ ഗുഹയിലേക്ക് പ്രവേശിക്കുന്നതിന്റെ ചിത്രണം ശ്രദ്ധേയമാണ്. പാപാന്ധകാരത്തിലാലോകത്തിലേക്കുള്ള വെളിച്ചത്തിന്റെ വരവിനെ ഇത് സൂചിപ്പിക്കുന്നു. മനുഷ്യരുടെയും മൃഗങ്ങളുടെയും മരങ്ങളുടെയും ആഹ്ലാദം സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷത്തെക്കുറിച്ചുള്ള സന്ദേശം മാലാഖമാരിൽനിന്നും കേൾക്കുന്നതിന്റെ വെളിപ്പെടുത്തലാണ്. കാഴ്ചദ്രവ്യങ്ങളുമായി നിൽക്കുന്ന വിദ്വാന്മാരെ ചിത്രത്തിന്റെ വലതുവശത്തു കാണാം. ഇടതുവശത്തു അല്പം കുനിഞ്ഞ നിലയിൽ ആട്ടിടയന്മാരോട് സംവദിക്കുന്ന മാലാഖമാരുടെ നിൽപ് സ്വർഗ്ഗം ഭൂമിയോട് സന്തോഷം പങ്കുവയ്ക്കുന്നതിനെ സൂചിപ്പിക്കുന്നു.

ദൈവമാതാവിന്റെ അലിവിന്റെ ഭാവം

പൗരസ്ത്യ പാരമ്പര്യം വി. ദൈവമാതാവിനെ ചിത്രീകരിക്കുന്നത് മാതാവും ക്രിസ്തുവും തമ്മിലുള്ള ബന്ധത്തിന്റെ വ്യത്യസ്ത മാനങ്ങളും മാതാവിന്റെയും ക്രിസ്തുവിന്റെയും വ്യക്തിത്വങ്ങളും ദിവ്യത്വവും ലോകത്തിന് വെളിപ്പെടുത്തുന്നതിനുമാണ്. വേറിട്ട അർത്ഥങ്ങൾ ഉൾക്കൊള്ളുന്ന വ്യത്യസ്ത ചിത്രങ്ങൾ സഭാപാരമ്പര്യത്തിലുണ്ട്. ഇവിടെ കാണുന്ന (Eleousa) അലിവുള്ള എന്റെ മാതാവ് എന്ന ഐക്കണാണ്. ഇതിൽ വാത്സല്യപൂർവ്വം എന്നെ ചേർത്ത് പിടിച്ചിരിക്കുന്ന മാതാവ് തന്റെ ഒരു കൈകൊണ്ട് പുത്രനെ കാണുവാനായി നമ്മോട് നിർദ്ദേശിക്കുന്നു (showing hand). പക്വഭാവവും മുതിർന്നവരുടെ വസ്ത്രവുമണിഞ്ഞ ശിശു നൽകുന്ന അർത്ഥം കാലാതീതനായ വചനത്തിന്റെ അപരിമേയത്വം (പൗരാണികനാം വൃദ്ധൻ എന്ന സങ്കല്പം) ആണ്. ശിശുവിന്റെ വസ്ത്രത്തിലെ പ്രകാശവരകൾ ലോകത്തിലേക്ക് പ്രസരിക്കുന്ന (യോഹ. 1:9) ദൈവതേജസ്സിനെ സൂചിപ്പിക്കുന്നു. ശിശു മുന്നറിവുള്ളവനാണ്. തന്റെ ഗദ്സമനയിലെ കഷ്ടാനുഭവത്തെ മനക്കണ്ണിൽക്കണ്ട് അമ്മയുടെ കഴുത്തിലേക്ക് അഭയപൂർവ്വം ചുറ്റിപിടിച്ചിരിക്കുന്ന കൈകൾ ആരിലും ഭാവതീവ്രത സൃഷ്ടിക്കും. ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള ചേർച്ചയെ സൂചിപ്പിക്കുന്ന ഈ ചിത്രത്തിൽ അലിവിന്റെ സൂചനയായി ശിരസുകൾ തമ്മിൽ ചേർന്നിരിക്കുന്നു. സൂര്യനെ അണിഞ്ഞ സ്ത്രീയെന്ന് വെളിപാടു പുസ്തകം സൂചിപ്പിക്കുന്ന കന്യകമറിയാം അമ്മയുടെ വസ്ത്രത്തിൽ നിത്യകന്യകത്വത്തിന്റെ സൂചനയായി മൂന്ന് നക്ഷത്രങ്ങളുണ്ട്. ശിശുവിനെ വഹിച്ചിരിക്കുമ്പോൾ ഒരു നക്ഷത്രം കാണാറില്ല. മാതാവിന്റെ പർപ്പിൾ നിറത്തിലുള്ള മേലങ്കി രാജകീയ ആഢ്യത്വവും ദിവ്യത്വവും സൂചിപ്പിക്കുന്നു. ഒരേ സമയം ആന്തരികതയിലേക്കും (ശിശുവിലേക്കും) നിത്യതയിലേക്കും ദൃഷ്ടി പതിഞ്ഞിരിക്കുന്ന മാതാവിന്റെ തീക്ഷ്ണമായ നയനങ്ങൾ പുത്രന്റെ കഷ്ടാനുഭവത്തിന്റെയും മഹത്വീകരണത്തിന്റെയും മുന്നറിവ് നൽകുന്നു.

തേജസ്കരണം

വെളിച്ചം പൗരസ്ത്യ പാരമ്പര്യത്തിലെ മുഖ്യഘടകമാണ്. തേജസ്കരണത്തിന്റെ ഐക്കൺ പ്രകാശത്തെക്കുറിച്ചുള്ള സന്ദേശം ആണ് നൽകുന്നത്. കർത്താവിന്റെ രൂപാന്തരീകരണവും അതിലൂടെ വെളിപ്പെടുത്തുന്ന ദിവ്യപ്രകാശവുമാണ് ഇവിടുത്തെ പ്രധാന രചനാവിഷയം. കർത്താവിനു ചുറ്റും അണ്ഡാകൃതിയിലുള്ള ഒരു നീല പ്രകാശവലയം നമ്മൾക്ക് കാണാം. ഇതിനെ Mandorla (മാന്ഡൊർള) എന്നു വിളിക്കുന്നു. സർവ്വപ്രപഞ്ചത്തിലേക്കും വ്യാപരിക്കുന്ന ദിവ്യത്വമാണ് ഇവിടെ സൂചിപ്പിക്കുന്നത്. നക്ഷത്രങ്ങൾക്കും പാതാളത്തിനും ഭൂമിക്കും ഒന്നും മറഞ്ഞിരിക്കാൻ കഴിയാത്ത ദൈവികപ്രഭാവത്തെ ആ പ്രകാശം ദ്യോദിപ്പിക്കുന്നു. (ഈ പ്രപഞ്ചം മുഴുവൻ ഉള്ളിൽ ഒതുക്കിയിരിക്കുന്ന ദിവ്യവലയം) Mandorla യുടെ നാലുകോണിലേക്കും വ്യാപരിക്കുന്ന ക്രിസ്തുവിന്റെ പ്രഭയാണ് ചുവന്ന പ്രകാശമായി നാം കാണുന്നത്. അതായത്, കർത്താവിന്റെ തേജസ് മുഴുവൻ പ്രപഞ്ചത്തിലേയ്ക്കും വ്യാപരിച്ച് അവയെ രൂപാന്തരീകരണത്തിലേക്ക് നയിക്കുന്നു (റോമ 8:17-20). മാനവകുലത്തെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നത് അവന്റെ തേജസ്സിൽ പങ്കുകാരാകുക എന്നതാണ്. ആ പങ്കാളിത്തമാണ് മൺമറഞ്ഞുപോയ മോശയ്ക്കും ഏലിയാവിനും അവരോടൊപ്പം അപ്പോസ്തോലന്മാർക്കും ലഭിക്കുന്നത്. തേജസ്കരണത്തിന്റെ ആ പ്രകാശം നൽകിയ ആശ്വാസത്തിന്റെയും സുരക്ഷിതത്വത്തിന്റെയും നിമിഷങ്ങളിൽ സ്ഥിരമായി കഴിയാനുള്ള ആഗ്രഹമാണ് അപ്പൊസ്തോലന്മാർ പ്രകടിപ്പിക്കുന്നത്. അത് ആ പ്രകാശത്തിന്റെ സ്വഭാവമായ സുരക്ഷിതത്വത്തെയും ആശ്വാസത്തെയും വെളിപ്പെടുത്തുന്നു. ഇവിടെ മോശയും ഏലിയാവും കർത്താവും പ്രത്യേകം പ്രത്യേകം മലകളിൽ നിൽക്കുന്നത് മൂന്നു കാലഘട്ടത്തെ സൂചിപ്പിക്കുന്നു. ശിഷ്യന്മാരുടെ ഭാവപ്രകടനങ്ങൾ; അഴിഞ്ഞു കിടക്കുന്ന ചെരിപ്പ് എന്നിവ ആ സന്ദർഭം ഉളവാക്കുന്ന വലിയ അത്ഭുതത്തേയും; കണ്ണുകൾക്ക് വഹിക്കുവാൻ കഴിയാത്ത ദൈവസാന്നിധ്യവും ഭയം, ജിജ്ഞാസ എന്നിവയും ബോധ്യപ്പെടുത്തുന്നു. മലമുകളിൽ പ്രകാശിതമായ ക്രിസ്തുരൂപം രണ്ടാം വരവിനെയും; മലമുകളിൽനിന്ന് ഉത്ഭവിക്കുന്ന ജീവന്റെ നദിയെയും സൂചി

പ്പിക്കുന്നു. പ്രകൃതിയെ പരിവർത്തനപ്പെടുത്തുന്ന ക്രിസ്തു രണ്ടാം ആദാമായി, ഏദനിലെ ജീവജലനദിയായി, സമസ്ത പ്രകൃതിയേയും പറുദീസയിലെ ആദ്യ അവസ്ഥയിലേക്ക് രൂപാന്തരപ്പെടുത്തുന്ന ആഴമായ ദൈവീക സത്യത്തെ ഇവിടെ വെളിപ്പെടുത്തുന്നു. ആദികാലങ്ങളിൽ എല്ലാ ഐക്കണോഗ്രാഫർമാരും അവരുടെ ദൈവീക കലയുടെ പ്രാരംഭം കുറിച്ചിരുന്നത് രൂപാന്തരീകരണത്തിന്റെ (തേജസ്കരണത്തിന്റെ) ഐക്കൺ രചിച്ചുകൊണ്ടാണ്.

അവലംബം

1. Three Trestises on the Divine Images, St. Johns of Damascus, 2003
2. Theology of the Icon, Leonid ouspensky Vol. 1, 1992
3. The Art of the Icon: a thelogy of beauty, Paul Evdokimov 1972
4. Doors of perception - icons and their spiritual significance, John Baggley, 1995.
5. The Icon, Window on the kingdom, Michel Quenot, 2002
6. The Educating Icon, Anton C. Vrame, 1999.
7. Orthodox Iconography, Constantine Cavarnos, 1977
8. ആത്മാവിലും സത്യത്തിലും, ഫാ. ഡോ. ബി. വർഗീസ്.
9. The Serpent and the Child, Jyothy Sahi